പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -641 07-01-2014 ൽ മറുപടിക്ക്

## ലീഗൽ സർവ്വീസസ് അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പാലോട് രവി | ശ്രീ. കെ.എം. മാണി |
| " ഷാഫി പറമ്പിൽ | (ബഹു, ധനകാര്യവും, നിയമവും |
| " എം.എ. വാഹിദ് | ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| " ഐ.സി. ബാലകൃഷ്ണൻ | |

| | | |
|---|---|---|
| (എ) | ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ; | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതിയിലെ കേസുകൾക്ക് വേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങളും അദാലത്തുകൾ വഴി നിയമ പിൻബലത്തോടെയുള്ള പരിഹാരം ഉണ്ടാക്കുക, അർഹരായ എല്ലാവർക്കും സൗജന്യ നിയമ സഹായം നൽകുക, |

| | | |
|---|---|---|
| | | വിവിധ ജനവിഭാഗങ്ങൾക്ക് നിയമബോധം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) | അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് പറയാമോ; | 1) ലീഗൽ സർവ്വീസസ് ആക്ട്, 1987 പ്രകാരം, സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റികളിലും ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളിലും അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ ഒരു റിട്ടേയേർഡ് അല്ലെങ്കിൽ സർവ്വീസിലുള്ള ന്യായാധിപൻ, ഒരു അഭിഭാഷകൻ എന്നിവർ ഉൾപ്പെട്ട ബഞ്ച് ആണ് ഇരു കക്ഷികളുടേയും സമ്മതത്തോടെയുള്ള തീർപ്പ് കൽപ്പിക്കുന്നത്. അപ്രകാരം ഉണ്ടാകുന്ന തീർപ്പുകൾ അന്തിമമായിരിക്കും<br>2) സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മൊബൈൽ അദാലത്ത് വാഹനം ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്.<br>3) സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 24 മണിക്കൂറും |

| | | |
|---|---|---|
| | | പ്രവർത്തിക്കുന്ന മൊബൈൽ ഹെൽപ്പ്ലൈൻ പൊതു ജനങ്ങൾക്ക് സൗജന്യ നിയമോപദേശവും അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും നൽകി വരുന്നു. |
| ഡി | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര അദാലത്തുകൾ നടത്തുകയും എത്ര കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | 2011 ജൂൺ മുതൽ 2013 സെപ്റ്റംബർ വരെയുള്ള കാലയളവിൽ 8172 അദാലത്തുകളിലായി 57827 കേസുകൾ തീർപ്പായിട്ടുണ്ട്. |

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.